# അക്കാദമിക മാസ്റ്റർപ്ലാൻ

# 2025-2026




## ഗവ. എൽ.പി.സ്കൂൾ

## വാവടുക്കം

# ആമുഖം

വാവടുക്കത്തെയും സമീപപ്രദേശങ്ങളിലെയും മുഴുവൻ ഗ്രാമീണരുടെയും ആഗ്രഹ സാഫല്യമായി 1981 ഒക്ടോബർ മാസം 19 ആം തീയതി ജി എൽ പി സ്കൂൾ വാവടുക്കം പ്രവർത്തനം ആരംഭിച്ചു.കാസർഗോഡ് ജില്ലയിലെ ബേഡഡുക്ക പഞ്ചായത്ത് മുന്നാട് വില്ലേജിൽ ചേരിപ്പാടി എന്ന സ്ഥലത്താണ് ഈ വിദ്യാലയം സ്ഥിതിചെയ്യുന്നത്. ഇത് ഗ്രാമപഞ്ചായത്തിലെ 11 ആം വാർഡിൽ ഉൾപ്പെടുന്നു. വാവടുക്കം, മുച്ചൂർകുളം, കുട്ടിയാനം, കുട്ടിപ്പാറ, കോളിക്കടവ്, പിണ്ടിക്കടവ്, ചേരിപ്പാടി, ജയപുരം എന്നീ പ്രദേശങ്ങളിലെ കുട്ടികൾക്ക് ഈ സ്ഥാപനം പഠന സൗകര്യം ഒരുക്കുന്നു. വിദ്യാഭ്യാസപരമായി ഒറ്റപ്പെട്ടു കിടക്കുന്ന ഒരു പ്രദേശമായിരുന്നു ഇത്. കിലോമീറ്ററുകളോളം താണ്ടി അക്ഷരാഭ്യാസം നടത്തുവാൻ നേരിടുന്ന ബുദ്ധിമുട്ടുകൾക്ക് പരിഹാരം എന്നവണ്ണം നാട്ടുകാരുടെ നിരന്തരമായ ആവശ്യത്തിന്മേലാണ് ഈ വിദ്യാലയം അനുവദിച്ചത്. ഈ പ്രദേശത്തെ നൂറോളം വരുന്ന പട്ടികജാതി പട്ടികവർഗ്ഗ കുടുംബങ്ങൾക്ക് ഈ വിദ്യാലയം ഒരു അനുഗ്രഹമായി. സ്കൂളിന്റെ പ്രാരംഭദശയിലും തുടർ പ്രവർത്തനങ്ങളിലും ധാരാളം വ്യക്തികളുടെ സഹായ സഹകരണങ്ങൾ ലഭിച്ചിട്ടുണ്ട്. സ്കൂളിന്റെ ആവശ്യത്തിനായി ഒരേക്കർ 50 സെന്റ് സ്ഥലം സംഭാവന ചെയ്തു വി കുഞ്ഞിക്കണ്ണൻ നായർ, കുഞ്ഞമ്പുനായർ, ശ്രീ വി കൃഷ്ണൻ നായർ ,ശ്രീ എച്ച് കരുണാകരൻ, ശ്രീ എം ചന്തു വൈദ്യർ എന്നീ വ്യക്തികളെ നന്ദിപൂർവ്വം സ്മരിക്കുന്നു .

## ലക്ഷ്യങ്ങൾ

- വിദ്യാർത്ഥികളുടെ ബൗദ്ധികവും മാനസികവുമായ സമഗ്രവികസനം ലക്ഷ്യമാക്കി സർഗാത്മകവും രസകരവുമായ അധ്യയന അവതരണത്തിലൂടെ ശക്തിപ്പെടുത്തുക
- ജനാധിപത്യ മൂല്യങ്ങൾ ഉയർത്തിപ്പിടിച്ച് ഗ്രാമിണ അന്തരീക്ഷത്തിൽ തികച്ചും
- സൗജന്യമായി വിദ്യാഭ്യാസം എല്ലാ ജനവിഭാഗങ്ങൾക്കും ഉറപ്പുവരുത്തുക മികവിന്
- ഉതകുന്ന സൗകര്യം വർദ്ധിപ്പിക്കുക വിധത്തിൽ വിദ്യാലയത്തിന്റെ
- പ്രൈമറി മുതൽ നാലാം ക്ലാസ് വരെയുള്ള ഓരോ ക്ലാസുകളിലും വിഷയങ്ങളിലും കുട്ടികൾ നേടേണ്ട ശേഷികൾ ഉറപ്പുവരുത്തുന്ന വിധത്തിൽ പ്രവർത്തനങ്ങളും പ്രവർത്തന കലണ്ടറും രൂപപ്പെടുത്തൽ

## ദൗത്യം

ഗുണനിലവാരമുള്ള വിദ്യാഭ്യാസം, നവീന അധ്യാപന രീതികൾ ഉൾക്കൊള്ളുന്ന പരിശീലനം, സാമൂഹിക പങ്കാളിത്തം എന്നിവയിലൂടെ ഓരോ വിദ്യാർത്ഥിയെയും പരിപോഷിപ്പിക്കുക.

## സ്കൂൾ വിശദാംശങ്ങൾ

| | |
|---|---|
| സ്ഥാപിതമായ വർഷം | : 1980 |
| നടത്തിപ്പ് | : കേരള സർക്കാരിൻറെ പൊതുവിദ്യാഭ്യാസ വകുപ്പ് |
| പഠന വിഭാഗങ്ങൾ | : എൽ പി |
| സ്കൂൾ തലം | : പ്രീ പ്രൈമറി മുതൽ 4 വരെ |
| അധ്യാപന ഭാഷ | : മലയാളം |
| സ്ഥലം | : ചേരിപ്പാടി |
| റവന്യൂ ജില്ല | : കാസർഗോഡ് |
| വിദ്യാഭ്യാസ ജില്ല | : കാസർഗോഡ് |
| ഉപജില്ല | : കാസർഗോഡ് |
| ആകെ വിദ്യാർത്ഥികൾ | : 45 |
| ആകെ അധ്യാപകർ | : 4 |

## പാഠ്യപദ്ധതിയും പഠനരീതികളും

### പഠനക്രമം

പാഠ്യപദ്ധതി: കേരള സംസ്ഥാന പാഠ്യ പദ്ധതി

പാഠങ്ങൾ : മലയാളം, ഇംഗ്ലീഷ്, ഗണിതം, വിജ്ഞാനം, സാമൂഹ്യശാസ്ത്രം, കലാ വിദ്യാഭ്യാസം

പഠന രീതി : വിദ്യാർത്ഥി കേന്ദ്രീകൃതവും പ്രവർത്തനപരവുമായ പഠന രീതികൾ

മൂല്യനിർണയം: ശാസ്ത്രീയമായ ഫോർമേറ്റീവ്, സമ്മേറ്റീവ് മൂല്യനിർണയ രീതി

### ഭാഷാശേഷി

പ്രധാന ഭാഷ : മലയാളം

രണ്ടാമത്തെ ഭാഷ : ഇംഗ്ലീഷ് (1 ആം ക്ലാസ് മുതൽ)

### വിദ്യാലയം ഒറ്റനോട്ടത്തിൽ

| | |
|---|---|
| വിദ്യാലയത്തിന്റെ പേര് | : ജി എൽ പി എസ് വാവടുക്കം |
| വിദ്യാലയത്തിന്റെ കോഡ് | :11430 |
| UDISE CODE | : 32010300708 |
| പഞ്ചായത്ത് | : ബേഡഡുക്ക |
| വിദ്യാഭ്യാസ ജില്ല | : കാസർഗോഡ് |
| ഉപജില്ല | : കാസർഗോഡ് |
| ബി. ആർ.സി | : കാസർഗോഡ് |
| ജില്ല | : കാസർഗോഡ് |
| സംസ്ഥാനം | :കേരളം |
| ഇ-മെയിൽ | :glpsvavadukkam@gmail.com |

## നിലവിലെ സൗകര്യങ്ങൾ

ക്ലാസുകൾ : 5

കമ്പ്യൂട്ടറുകൾ : 5

കുട്ടികളുടെ ശൗചാലയങ്ങൾ :-

പെൺകുട്ടികൾക്ക് : 2

ആൺകുട്ടികൾക്ക് : 2

CWSN : 1

കുടിവെള്ളം : കുഴൽക്കിണർ

ലൈബ്രറി : ഉണ്ട്

റാംപ് സൗകര്യം : ലഭ്യമാണ്

## നിലവിലെ അവസ്ഥ

### ഭൗതികം

പ്രീ പ്രൈമറി മുതൽ നാലാം ക്ലാസ് വരെ 5 ക്ലാസുകൾ ഓഫീസ് റൂം, സ്റ്റാഫ് റൂം,അടുക്കള,സ്റ്റേജ് , പണി നടന്നുകൊണ്ടിരിക്കുന്ന പുതിയ അടുക്കള, ഡൈനിങ് ഹാൾ അടങ്ങുന്ന ഓടിട്ട കെട്ടിടം പ്രവർത്തിക്കുന്നു. എല്ലാ ക്ലാസുകളിലും ഫാനുകളും വെളിച്ചവും ഉണ്ട്.ICT ഉപകരണങ്ങൾ, പ്രൊജക്ടർ എന്നിവ ലഭ്യമാണ്.13 ഇടങ്ങളുള്ള മികച്ച പ്രീപ്രൈമറി വർണ്ണക്കൂടാരം ഉണ്ട്.

### അക്കാദമികം

വളരെ പിന്നോക്കാവസ്ഥയിലുള്ള സാഹചര്യങ്ങളിൽ നിന്ന് വരുന്ന കുട്ടികളാണെങ്കിൽ പോലും മുൻവർഷങ്ങളിൽ LSS പരീക്ഷയിൽ മികച്ച വിജയം കൈവരിക്കാൻ സാധിച്ചിട്ടുണ്ട്. ശാസ്ത്ര ഗണിതശാസ്ത്ര സാമൂഹ്യശാസ്ത്ര പ്രവർത്തിപരിചയമേളകളിൽ പങ്കെടുക്കുകയും മികച്ച പ്രകടനം കാഴ്ചവെക്കാനും വിജയം കൈവരിക്കാനും സാധിച്ചിട്ടുണ്ട്.

## പരിമിതികൾ

### ഭൗതികം

നിലവിൽ ഓടിട്ട കെട്ടിടം ആയതുകൊണ്ട് മഴക്കാലത്ത് ചോർന്നൊലിക്കുന്ന സാഹചര്യമുണ്ട്. മെയിൻ റോഡിൽ നിന്നും കുത്തനെയുള്ള ഇറക്കം കാരണം കുട്ടികൾ യാത്രാ ബുദ്ധിമുട്ട് നേരിടുന്നുണ്ട്. കായിക മത്സരങ്ങൾ പരിശീലിപ്പിക്കാൻ മതിയായ മൈതാനം ഇല്ല.

### അക്കാദമികം

നിലവിൽ എല്ലാ ക്ലാസ്സുകളിലും ബ്ലാക്ക് ബോർഡുകൾ ഉണ്ടെങ്കിലും ക്ലാസ് റൂമുകൾ ഡിജിറ്റലൈസ്ഡ് അല്ല. നിലവിലുള്ള 5 ലാപ്ടോപ്പുകൾക്ക് പുറമേ 10 ലാപ്ടോപ്പുകൾ കൂടി ലഭിച്ചാൽ ഒരു കമ്പ്യൂട്ടർ ലാബ് സൗകര്യം ഒരുക്കാൻ സാധിക്കും.

## പദ്ധതി വിശദാംശങ്ങൾ

പ്രവർത്തനം 1

മേഖല: അക്കാദമികം

ഉപമേഖല:പ്രീപ്രൈമറി സമഗ്രവികസനം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ഭാഷാവികാസം , സർഗ്ഗാത്മക സൗന്ദര്യാത്മകവിക ാസം ശാരീരിക ചാലകവികാസം, സൂക്ഷ്മസ്ഥൂല പേശികളെ ഏകോപിപ്പിച്ച് ദൈനം ദിന ജീവിതത്തിലെ പ്രവർത്തനങ്ങൾ ചെയ്യുക | *ചിത്രങ്ങൾ വരച്ച് നിറം നൽകൽ<br>* നിർമ്മാണ പ്രവർത്തനങ്ങൾ<br>* താളാത്മകമായി പാട്ട് പാടൽ<br>* വർണ്ണക്കൂടാരം ഇടങ്ങൾ ഉപയോഗിച്ച് പ്രവർത്തനങ്ങളിൽ ഏർപ്പെടൽ<br>* I C T യുടെ സഹായത്തോടെ Voice recorder ഉപയോഗിച്ച് കഥ പറയൽ<br>* കഥോത്സവം, വരയുത്സവം ഗണിതോത്സവം , ശാസ്ത്രോത്സവം, ആട്ടവും പാട്ടും തുടങ്ങിയ ഉത്സവങ്ങൾ സംഘടിപ്പിക്കൽ | വർഷം മുഴവൻ<br>ജൂൺ - march<br>ജനുവരി - മാർച്ച് | പ്രീപ്രൈമറി ടീച്ചർ | |

പ്രവർത്തനം 2

മേഖല: അക്കാദമികം

ഉപമേഖല :ഭാഷ

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| സ്ഥാന ഭാഷാശേ ഷി വികാസന ം | വായിക്കാം വളരാം-std 1<br>C P T A<br>വായന മത്സരം<br>വിദ്യാപ്രവേശ്<br>രചനോത്സവം<br>ക്ലാസ്തല ലൈബ്രറി<br>വീട്ടിലൊരു ലൈബ്രറി<br>സംയുക്ത ഡയറി | ജൂൺ - മാർച്ച് | ക്ലാസ് ടീച്ചർ<br>രക്ഷിതാക്കൾ | |

പ്രവർത്തനം 3

READ AND PLAY

മേഖല: അക്കാദമികം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| Engage in games To develop reading skills | Games- vidyapravesh , picture reading, rhyming words reading cards | June<br><br>June-march | Class teacher<br><br>class teacher, parents | |

പ്രവർത്തനം 4

ഇംഗ്ലീഷ് അസംബ്ലി

മേഖല: അക്കാദമികം

ഉപമേഖല: ഇംഗ്ലീഷ് ഭാഷാപഠനം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| എല്ലാ കുട്ടികൾക്കും ഇംഗ്ലീഷ് ഫലപ്രദമായി എഴുതാനും വായിക്കാനും സംസാരിക്കാനും ഉള്ള ശേഷി വികസിപ്പിക്കുക | ആഴ്ചയിൽ ഒരു ദിവസം കുട്ടികൾ തന്നെ അസംബ്ലിയുടെ മുഴുവൻ പരിപാടികളും ഇംഗ്ലീഷിൽ അവതരിപ്പിക്കുക<br>അധ്യാപകർ ഇംഗ്ലീഷിൽ സന്ദേശം നൽകുക<br>ഓരോ ക്ലാസുകാർക്കും ഇടവിട്ട് ചുമതല നൽകുക | ആഴ്ചയിൽ ഒരു ദിവസം<br>ജൂൺ - മാർച്ച് | ക്ലാസ് ടീച്ചർ | |

പ്രവർത്തനം 5

ഇംഗ്ലീഷ് ഡയറി

മേഖല: അക്കാദമികം

ഉപമേഖല:ഇംഗ്ലീഷ് ഭാഷാപഠനം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| തെറ്റില്ലാതെ അനായാസം ഇംഗ്ലീഷ് എഴുതാനുള്ള ശേഷി നേടുക | *ഓരോ ദിവസവും വിദ്യാലയത്തിലും വീട്ടിലും നടക്കുന്ന സംഭവങ്ങളുടെ ചുരുക്കം ഇംഗ്ലീഷ് ഡയറി ആയി എഴുതുക - 3rd & 4th Std | ജൂൺ - മാർച്ച് വരെ | ക്ലാസ് ടീച്ചർ | |

പ്രവർത്തനം 6

English Fest

മേഖല: അക്കാദമികം

ഉപമേഖല: ഇംഗ്ലീഷ് ഭാഷാപഠനം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| വ്യാകരണശുദ്ധിയോടെ ഇംഗ്ലീഷ് പറയാനും എഴുതാനും കഴിയുന്ന നിലവാരത്തിലേക്ക് എത്തിക്കൽ | * മൂന്നാം term ൽ ഒരു ദിവസത്തെ ഇംഗ്ലീഷ് ഫെസ്റ്റ് - മുഴുവൻ പ്രവർത്തനങ്ങളും ഇംഗ്ലീഷിൽ തന്നെ ചെയ്യൽ | ഒരു ദിവസം - February | Headmaster<br>class teacher<br>PTA | 3000 |

പ്രവർത്തനം 7

മേഖല: അക്കാദമികം

ഉപമേഖല: ഇംഗ്ലീഷ് ഭാഷാപഠനം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| എല്ലാവരേയും ഭാഷ അനായാസം കൈകാര്യം ചെയ്യാൻ പ്രാപ്തരാക്കുക | വായിച്ച് വളരാം:<br>* വായനാക്കളരി<br>* ക്ലാസ് ലൈബ്രറി<br>* വീട്ടിലൊരു ലൈബ്രറി രൂപീകരണം<br>* അസംബ്ലിയിൽ പത്രവായന<br>* മികച്ച വായനക്കാരെ കണ്ടെത്തൽ<br>* സമ്മാനം നൽകി പ്രോത്സാഹിപ്പിക്കൽ | ജൂൺ - ജനുവരി | ക്ലാസ് ടീച്ചർ<br>S R G<br>C P T A<br>ഭാഷാക്ലബ്ബ് | |

പ്രവർത്തനം 8

സർഗ്ഗസല്ലാപം

മേഖല: അക്കാദമികം

ഉപമേഖല:ഭാഷാപഠനം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ഭാഷയിലൂടെ വിവിധ ശേഷികളിൽ മികവ് നേടുക | പ്രാദേശികമായി ലഭ്യമാകുന്ന എഴുത്തുകാരെ സ്കൂളിലെത്തിക്കൽ അവരുടെ അനുഭവങ്ങൾ കുട്ടികളുമായി പങ്കുവയ്ക്കൽ | വർഷത്തിൽ രണ്ട് പ്രാവശ്യം | ഹെഡ്മാസ്റ്റർ<br>PTA<br>വിദ്യാരംഗം<br>കലാസാഹിത്യ വേദി | |

പ്രവർത്തനം 9

മേഖല: അക്കാദമികം

ഉപമേഖല:ഭാഷാപഠനം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| എല്ലാ കുട്ടികൾക്കും എഴുതാനും വായിക്കാനുമുള്ള ശേഷി കൈവരിക്കൽ | വായനാക്കാർഡുകൾ , ചെറിയ കഥാപുസ്തകങ്ങളും വായിക്കുന്നതിലൂടെ അനായാസമായി വായിക്കാനും എഴുതാനും അവസരമൊരുക്കൽ | ജൂൺ , ഓഗസ്റ്റ് | ക്ലാസ് ടീച്ചർ | |

പ്രവർത്തനം 10

ഒറിഗാമി ശില്പശാല

മേഖല: അക്കാദമികം

ഉപമേഖല: ഗണിതം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ജ്യാമീതിയ സൗന്ദര്യം തിരിച്ചറിയുക | ഗണിതം മധുരം - നിർമ്മാണ പ്രവർത്തനങ്ങളുടെ ആസൂത്രണം<br>ഒറിഗാമി, ടാൻഗ്രാം രൂപങ്ങളുടെ നിർമ്മാണം ,പ്രദർശനം | ജൂൺ, ഒക്ടോബർ | S R G<br>ക്ലാസ് ടീച്ചർ<br>P T A<br>M P T A | |

പ്രവർത്തനം 11

ഗണിതമേള

മേഖല: അക്കാദമികം

ഉപമേഖല: ഗണിതം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ചതുഷ്ക്രിയകൾ ലളിതമാക്കാം | * വിവിധ തരത്തിലുള്ള ഗണിത സാമഗ്രികൾ അടങ്ങിയ ഗണിതകിറ്റ് നിർമ്മാണശില്പശാല | ഓഗസ്റ്റ് - ഡിസംബർ | S R G<br>ക്ലാസ് ടീച്ചർ<br>PTA<br>M P T A | |

പ്രവർത്തനം 12
കളി കണക്ക്

മേഖല: അക്കാദമികം

ഉപമേഖല: ഗണിതം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ഗണിത ശാസ്ത്രപഠനം രസകരമാക്കൽ കരചലന ശേഷി വികസനം | വിവിധകളികൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കൽ ഏണിയും പാമ്പും ഡൈസ് കളി, കച്ചവടക്കളി | വർഷം മുഴവൻ | S R G<br>class teacher | |

പ്രവർത്തനം 13
പത്രവാർത്ത ക്വിസ്

മേഖല: അക്കാദമികം

ഉപമേഖല: ഗണിതം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| പൊതുവിജ്ഞാനം വളർത്തൽ | ഓരോ ദിവസത്തെയും വർത്തമാന പത്രങ്ങൾ വായിച്ച് ആനുകാലിക സംഭവങ്ങൾ വിലയിരുത്തൽ | മാസത്തിൽ ഒന്ന് വീതം | സാമൂഹ്യശാസ്ത്ര ക്ലബ്ബ് | |

പ്രവർത്തനം 14

മേഖല: അക്കാദമികം

ഉപമേഖല: ശാസ്ത്രം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ശാസ്ത്രാവബോധം വളർത്തുക | ചുറ്റുപാടുകളുടെ നിരീക്ഷണം ശാസ്ത്രസത്യങ്ങൾ, ചർച്ച, സത്യം കണ്ടെത്തൽ, പരീക്ഷണങ്ങളിൽ ഏർപ്പെടൽ | ജൂൺ - ഫെബ്രുവരി | ക്ലാസ് ടീച്ചർ | |

പ്രവർത്തനം 15

മേഖല: അക്കാദമികം

ഉപമേഖല: ശാസ്ത്രം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| പ്രകൃതിയെ അടുത്തറിയൽ സംരക്ഷണം | *ഫീൽഡ് ട്രിപ്പ് - നെൽവയൽ സന്ദർശനം | ജൂലൈ - ഡിസംബർ | പരിസ്ഥിതി ക്ലബ്ബ് സംയുക്തം | |

പ്രവർത്തനം 16

മേഖല: അക്കാദമികം

ഉപമേഖല: ശാസ്ത്രം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ശാസ്ത്രപരീക്ഷണങ്ങള ിൽ താൽപര്യം ജനിപ്പിക്കുക | പരീക്ഷണം വീടിനകത്തും ശാസ്ത്രമാസികകൾ തയ്യാറാക്കൽ | ജനുവരി - മാർച്ച് | ക്ലാസ് ടീച്ചർ | |

പ്രവർത്തനം 17

മേഖല: അക്കാദമികം

ഉപമേഖല: ശാസ്ത്രം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| പഠനത്തിനും നിരീക്ഷണപഠനത്തി നുമുള്ള അവസരമൊരുക്കൽ | ശാസ്ത്രപഠനവുമായി ബന്ധപ്പെട്ട് നിരീക്ഷണസാധ്യത കൾ ഒരുക്കുന്നു - സ്കൂളിന് ചുറ്റുപാടും | ആവശ്യാനുസരണം | ക്ലാസ് ടീച്ചർ S R G | |

പ്രവർത്തനം 18

മേഖല: അക്കാദമികം

ഉപമേഖല: ശാസ്ത്രം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ഓരോ പ്രശ്നത്തെയും ശാസ്ത്രാവബോധത്ത ോടെ വിലയിരുത്താനും ശാസ്ത്രീയമായി വിവരങ്ങളെ വിശകലനം ചെയ്യാനും ശാസ്ത്ര വാർത്തകളെ പറ്റിയുള്ള അവബോധം സൃഷ്ടിക്കാനും | ശാസ്ത്ര വാർത്തകൾ ശാസത്ര ബോർഡ് പ്രദർശനരൂപേണ അവതരിപ്പിക്കൽ | മാസത്തിലൊരിക്ക ൽ | ക്ലാസ് ടീച്ചർ | |

പ്രവർത്തനം 19

മേഖല: അക്കാദമികം

ഉപമേഖല: IT

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| എല്ലാ കുട്ടികൾക്കും കമ്പ്യൂട്ടർ പരിജ്ഞാനം ഉറപ്പുവരുത്തൽ | കമ്പ്യൂട്ടർ ഗെയിമുകൾ digital Painting ,drawing , typing തുടങ്ങിയ പ്രവർത്തനങ്ങളിലൂടെ കുട്ടികൾക്ക് അനായാസമായി കമ്പ്യൂട്ടർ കൈകാര്യം ചെയ്യാൻ പ്രാപ്തരാക്കുക | ഒരു  വർഷം | ക്ലാസ്സ് ടീച്ചർ | |

പ്രവർത്തനം 20

മേഖല: അക്കാദമികം

ഉപമേഖല: IT

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ഡിജിറ്റൽ പഠനം ലഭ്യമാക്കൽ | എല്ലാ ക്ലാസ്റൂമുകളിലും പ്രൊജക്ടറും ലാപ്ടോപ്പുകളും ലഭ്യമാക്കി ഡിജിറ്റൽ പഠനം സാധ്യമാക്കൽ | ഒരു വർഷം മുഴുവൻ | S R G<br>P T A | |

പ്രവർത്തനം 21

മേഖല: അക്കാദമികം

ഉപമേഖല: ദിനാചരണങ്ങൾ

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| വിവിധ ശേഷികളുടെ വികാസം | ജൂൺ മുതൽ മാർച്ച് വരെ ദിനാചരണങ്ങളുമായി ബന്ധപ്പെട്ട് നടത്തേണ്ട പ്രവർത്തനങ്ങൾ SRG യിൽ രൂപപ്പെടുത്തുന്നു നിശ്ചിത ദിവസങ്ങളിൽ അവ സംഘടിപ്പിക്കുന്നു | ഒരു വർഷം മുഴുവൻ | S R G<br>P T A | |

പ്രവർത്തനം 22

പഠനപുരോഗതി

മേഖല: അക്കാദമികം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ഓരോ വിദ്യാർത്ഥിക്കും വ്യക്തിഗതമായി പഠനപുരോഗതി വിലയിരുത്താനുള്ള അവസരമൊരുക്കൽ | *കുട്ടിയുടെ അക്കാദമിക , വൈകാരിക, സാമൂഹിക്കതലങ്ങളെ ഉൾക്കൊള്ളിച്ചുക്കൊണ്ടു ള്ള പഠനപുരോഗതിരേഖ തയ്യാറാക്കൽ<br>*വ്യത്യസ്ത പ്രവർത്തനങ്ങളിലെ കുട്ടിയുടെ പ്രകുനത്തിനനുസരിച്ച് സ്കോറുകൾ നൽകൽ<br>*പി ടി എ മീറ്റിങ്ങുകളിൽ രക്ഷിതാക്കൾക്ക് രേഖ വിലയിരുത്താനുള്ള അവസരം | ഓരോ ടേമിൽ | S R G<br>Class teacher | |

പ്രവർത്തനം 23

മേഖല: അക്കാദമികം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| മുന്നോക്കം നിൽക്കുന്ന കുട്ടികൾക്ക് LSS മത്സര പരീക്ഷകളിൽ പങ്കെടുക്കാനും മികച്ച വിജയം കൈവരിക്കാനുമുള്ള അവസരമൊരുക്കൽ | പഠന പ്രവർത്തനത്തോട ൊപ്പം തന്നെ കൂടുതൽ വിഭവങ്ങൾ നൽകിക്കൊണ്ട് കുട്ടികൾക്ക് മത്സരപരീക്ഷകളിൽ വിജയം നേടാനുള്ള പരിശീലനം നൽകൽ | ജൂലൈ - ഫെബ്രുവരി | SRG | |

പ്രവർത്തനം 24

മേഖല: അക്കാദമികം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| കുട്ടികളുടെ പഠനം കൂടുതൽ മെച്ചപ്പെടുത്തൽ | C P T A കൃത്യമായ അജണ്ട വെച്ച് പ്രതിമാസം ചേരൽ പഠനപുരോഗതി പരിശോധിക്കൽ മികവുകളുടെ അവതരണം പൊതു ചർച്ച എന്നിവ | പ്രതിമാസ പരിപാടി | ക്ലാസ് ടീച്ചർ | |

പ്രവർത്തനം 25

മേഖല:ഭൗതികം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| കാർഷിക സംസ്കൃതിയെ വീണ്ടെടുക്കൽ | വിദ്യാലയത്തിലെ സൗകര്യപ്രദമായ സ്ഥലത്ത് ആകർഷകമായ വിധത്തിൽ പച്ചക്കറിത്തോട്ടമുണ്ട ാക്കൽ | വർഷത്തിലൊരു പ്രാവശ്യം | S R G<br>S M C<br>P T A | |

പ്രവർത്തനം 26

മേഖല:ഭൗതികം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| കായിക വിദ്യാഭ്യാസത്തിനും പരിശീലനത്തിനും മികച്ച സൗകര്യം ഒരുക്കൽ | മുഴുവൻ കുട്ടികൾക്കും വിവിധ തരം കളികളിലും മത്സരങ്ങളിലും ഏർപ്പെടാൻ കഴിയുന്ന വിധത്തിൽ വിവിധ സൗകര്യങ്ങൾ ഒരുക്കുന്നു | 6 മാസം | S S G<br>P T A | |

പ്രവർത്തനം 27

സ്കൂൾ സുരക്ഷ

മേഖല: ഭൗതികം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| സ്കൂൾ ക്യാമ്പസിന്റെ സുരക്ഷ ഉറപ്പാക്കൽ | സ്കൂൾ കെട്ടിടത്തിന് ഭീഷണിയാകുന്ന മരക്കൊമ്പുകൾ മുറിച്ചു മാറ്റുക ചോർച്ചയുള്ള ഭാഗങ്ങൾ കണ്ടെത്തി പരിഹരിക്കൽ പൊട്ടി പോയ ടൈലുകൾ മാറ്റി വെക്കൽ | ജൂൺ | | |

പ്രവർത്തനം 28

മാലിന്യ സംസ്കരണം

മേഖല: ഭൗതികം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ശുചിത്വമുള്ള അന്തരീക്ഷം ഒരുക്കൽ | ജൈവമാലിന്യങ്ങളും അജൈവമാലിന്യങ്ങളും സംസ്കരിക്കുന്നതിനുള്ള ക്രമീകരണം സൗകര്യപ്രദമായ സ്ഥലത്ത് ഒരുക്കൽ | ഒരു വർഷം | എസ് എം സി , പിടിഎ | |

പ്രവർത്തനം 29

ശുദ്ധജലവിതരണം

മേഖല: ഭൗതികം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ശുദ്ധജലം ലഭ്യമാക്കൽ | വാട്ടർ പ്യൂരിഫയർ ഉപയോഗിച്ച് ശുദ്ധജലം ലഭ്യമാക്കുന്നു | ഒരു വർഷം | ശുചിത്വ ക്ലബ്ബ് | |

പ്രവർത്തനം 30

കുട്ടിയെ അറിയാൻ

മേഖല: സാമൂഹികം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| കുട്ടിയെ അറിയാൻ | ഗൃഹ സന്ദർശനം | ഒന്നാം ടേം | class teacher | |

## പ്രതീക്ഷിത നേട്ടങ്ങൾ

ശിശു സൗഹൃദമായ അന്തരീക്ഷത്തിൽ മികച്ച പഠനാന്തരീക്ഷം

വിദ്യാലയ പ്രവേശന നിരക്ക് വർദ്ധിക്കുന്നു

സമൂഹവും വിദ്യാലയവുമായുള്ള ബന്ധം മെച്ചപ്പെടുന്നു

## മോണിറ്ററിംഗ് രീതി

സ്കൂൾതലം മുതൽ ഉദ്യോഗസ്ഥ തലത്തിലുള്ള മോണിറ്ററിംഗ് ശക്തമാകുന്നു. സോഷ്യൽ മോണിറ്ററിംഗ് രീതി (പിടിഎ, എംപിടിഎ, എസ് എസ് ജി, എസ് ആർ ജി എന്നിവരെ ഉൾപ്പെടുത്തി) നടപ്പിലാക്കണം. ദൈനംദിന മോണിറ്ററിങ് എച്ച് എം, എസ് ആർ ജി കൺവീനർ, പിടിഎ പ്രസിഡന്റ് എന്നിവരുടെ നേതൃത്വത്തിൽ നടത്താം

## ഉപസംഹാരം

വർദ്ധിച്ചുവരുന്ന സ്വകാര്യവൽക്കരണവും സാമ്പത്തിക നയങ്ങളും പൊതു വിദ്യാഭ്യാസരംഗത്ത് ദൂരവ്യാപകമായ ദോഷഫലങ്ങൾ സൃഷ്ടിച്ചു വരികയാണ്. ഇത്തരം പ്രവണതകൾക്ക് സമഗ്രവും ശാസ്ത്രീയവും സ്ഥായിയായതുമായ ബദലുകൾ സൃഷ്ടിക്കുന്നതിനുള്ള കർമ്മ പദ്ധതിയാണ് പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞം. അതിനാൽ മനുഷ്യനെ മനുഷ്യത്വം ഉള്ളവാക്കുന്ന മഹാ പ്രക്രിയയായ വിദ്യാഭ്യാസ രംഗത്തെ മൂല്യങ്ങൾ സംരക്ഷിക്കാൻ ആഗ്രഹിക്കുന്ന ഓരോരുത്തരുടെയും കടമയാണ് ഈ യജ്ഞത്തിൽ പങ്കാളിയാകുക എന്നത്. നന്മകളാൽ സമൃദ്ധമായ നമ്മുടെ വിദ്യാലയത്തിന്റെ പൈതൃകവും മാതൃകയും കാത്തുസൂക്ഷിക്കുന്നതിനും കൂടുതൽ സമ്പുഷ്ടമാക്കുന്നതിനും ഈ വികസനരേഖ ഉപകരിക്കും എന്ന് പ്രതീക്ഷിക്കുന്നു.